സായുധ റിസർവ്വ് പോലീസിലെ സബ് ഇൻസ്പെക്ടർ റിസർവ് ഇൻസ്പെക്ടർ തസ്തികകളിലെ നിയമനം

33 (2984) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സായുധ റിസർവ് പോലീസിലെ സബ് ഇൻസ്പെക്ടർ, റിസർവ് ഇൻസ്പെക്ടർ എന്നീ തസ്തികകളിലേക്കുള്ള നിയമന രീതി വിശദമാക്കാമോ ;

(ബി) നേരിട്ടുള്ള നിയമനത്തിനും പ്രൊമോഷൻ നിയമനത്തിനുമുള്ള അനുപാതം എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(സി) നേരിട്ട് നിയമിക്കപ്പെടുന്നവരുടേയും പ്രൊമോഷൻ മുഖേന നിയമനം ലഭിക്കുന്നവരുടേയും അന്തർ സീനിയോറിറ്റി നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്താമോ ;

(ഡി) റിസർവ് സബ് ഇൻസ്പെക്ടർ ഇൻസ്പെക്ടർ തസ്തികകളിൽ ഇപ്പോൾ ഒഴിവുകളുണ്ടോ എന്നും ഉണ്ടെങ്കിൽ അത് ഏതൊക്കെ വിഭാഗങ്ങളിൽപ്പെടുന്നുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) സായുധ റിസർവ് പോലീസിൽ റിസർവ് ഇൻസ്പെക്ടർ തസ്തികയിലേക്ക് റിസർവ് സബ് ഇൻസ്പെക്ടർമാരിൽ നിന്നും പ്രൊമോഷൻ വഴിയും, റിസർവ് സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനവും, പ്രൊമോഷൻ മുഖേനയുള്ള നിയമനവും, സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേനയുള്ള നിയമനവുമാണ് നടത്തിവരുന്നത്.

(ബി) റിസർവ് സബ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള നിയമനത്തിൽ 1:1 എന്ന അനുപാതമാണ് നിലവിലുള്ളത്.

(സി) ഉത്തരം 'ബി' യിൽ പറഞ്ഞിരിക്കുന്ന അനുപാതത്തിനു വിധേയമായി പി.എസ്.സി. മുഖേന നേരിട്ടു നിയമനം നടത്തപ്പെട്ടവർക്ക് അഡ്വൈസ് ചെയ്യുന്ന തീയതി മുതൽ സീനിയോറിറ്റിയും പ്രൊമോഷൻ മുഖേന നിയമനം ലഭിച്ചവർക്ക് പ്രൊമോഷൻ റഗുലറൈസേഷൻ ചെയ്യുന്ന തീയതി മുതലും സീനിയോറിറ്റി നല്കി വരുന്നു.

(ഡി) റിസർവ് ഇൻസ്പെക്ടർ തസ്തികയിൽ 4 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ റിസർവ് സബ് ഇൻസ്പെക്ടർമാരിൽ നിന്നും പ്രൊമോഷൻ വഴി നികത്തുന്നതാണ്. റിസർവ് സബ് ഇൻസ്പെക്ടർമാരുടെ 19 ഒഴിവുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly